# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുവപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 2)1717 /23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 18/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 2)1717 /23 തീയ്യതി: 18/12/2023

## എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി ബാബു | പ്രസിഡന്റ് | 01-04-2022 | 05-02-2023 |
| ശ്രീമതി സിന്ധു അരവിന്ദ് | പ്രസിഡന്റ് | 06-02-2023 | 31-03-2023 |
| സുരേഷ് ബാബു വി എസ് | സെക്രട്ടറി | 01-04-2022 | 31-05-2022 |

| | | | |
|---|---|---|---|
| സുനിൽ.കെ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 27-09-2022 |
| പ്രശാന്ത്.കെ.കെ | സെക്രട്ടറി | 28-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷഹാന വി എ | അസി. എഞ്ചിനീയർ | 01-04-2022 | 25-09-2022 |
| എൽദോ തോമസ് | അസി. എഞ്ചിനീയർ | 26-09-2022 | 31-03-2023 |
| ഡോ. അർച്ചന .വൈ | വെറ്ററിനററി സർജൻ | 01-04-2022 | 31-03-2023 |
| അഡ്വ. ബീന കെ എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| സുനിൽ കെ എൻ | അസി. സെക്രട്ടറി | 01-04-2022 | 13-10-2022 |
| ഗോപകുമാർ | അസി. സെക്രട്ടറി | 14-10-2022 | 31-03-2023 |
| ജുവൽ ജോയി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| അംബിക കെ എസ്. | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-05-2022 |
| ജോസ്.കെ.പി | ഹെഡ്മാസ്റ്റർ | 01-06-2022 | 31-03-2023 |
| ഡോ.വിക്ടർ ഫെർണാണ്ടയ് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2022 | 31-03-2023 |
| പ്രമീള. സി.പി | വി.ഇ.ഒ.,ക്കുവപ്പടി | 01-04-2022 | 31-03-2023 |
| യദുകൃഷ്ണൻ .കെ.എസ് | വി.ഇ.ഒ.,കോടനാട് | 01-04-2022 | 31-03-2023 |
| അശ്വതി എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനുരാധ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 10-07-2022 |
| ഡോ.പോൾ തോമസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 11-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല | 1-1-8 |
| 10 | ലൈഫ് വായ്പ- അധികം തുക പിടിച്ചത് അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം - അവലോകനം | 1-11 |
| 21 | FTEAOS ലൈസൻസ്-കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-12 |
| 22 | പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല | 1-12-1 |
| 23 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചു | 1-12-2 |
| 24 | ലൈസൻസ് ഫീസ് അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. | 1-12-3 |

| | | |
|---|---|---|
| 25 | വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചു. | 1-12-4 |
| 26 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13 |
| 27 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല | 1-13-1 |
| 28 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-2 |
| 29 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-3 |
| 30 | തനത് ഫണ്ട് അക്കൗണ്ട് - പലിശ ഇനത്തിലുള്ള വരവ് സാധ്യത പരിശോധിക്കേണ്ടതാണ് | 1-14 |
| 31 | വസ്തു നികുതി കുറവായി നിർണയിച്ചു - വരവിൽ നഷ്ടം | 1-15 |
| 32 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്-ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല | 1-16 |
| 33 | അനധികൃത നിർമാണങ്ങൾ - വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-17 |
| 34 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 35 | ബയോബിൻ ബയോകമ്പോസ്റ്റ് -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-19 |
| 36 | തരിശ് നെൽകൃഷി - അപാകതകൾ | 1-20 |
| 37 | മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-21 |
| 38 | മരാമത്ത് പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ വികസനത്തെ ബാധിക്കുന്നു | 1-22 |
| 39 | സ്ഥിരം നെല്ല് കൃഷി - അപാകതകൾ | 1-23 |
| 40 | മഴക്കാല പൂർവ ശുചീകരണം-അപാകതകൾ | 1-24 |
| 41 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-26 |
| 43 | സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-27 |
| 44 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-28 |
| 45 | ഉപയോഗ ശൂന്യമായ ടാപ്പുകൾക്ക് വെള്ളക്കരം ഡിമാന്റ് ചെയ്യുന്നു | 1-29 |
| 46 | ലൈഫ് വായ്പ- അധികം തുക സോഴ്സിൽ കുറവ് ചെയ്യാത്തത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-30 |
| ഭാഗം **2** | | |
| 1 | വസ്തു നികുതി നിർണയത്തിലെ അപാകതകൾ - 2,60,812₹ വരവ് നഷ്ടം. | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകൾ | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കുവപ്പടി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 25.7..2023 ലെ 2( 1)നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുവപ്പടി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുവപ്പടി പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 18.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ്

സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-2 സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല.

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൗണ്ടിംങ്ങ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലേയ്ക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-4 വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂ ചെയ്യുന്ന വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3786907/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹7557600/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടം ,ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1-1-8 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ,നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-9 ലൈഫ് വായ്പ- അധികം തുക പിടിച്ചത് അക്കൗണ്ട് ചെയ്തിട്ടില്ല

31.3.22 ൽ ഗ്രാമപഞ്ചായത്തിന്റെ ലൈഫ് വായ്പ കുടിശ്ശിക₹ 2296096യാണ്. എന്നാൽ ജി ഒ പ്രോജക്ടുകൾ

മുഖേന തിരികെ ഈടാക്കിയ തുക ₹3026880 യാണ്. അതായത് ₹ 7,30,784/- ( ₹3026880 - 2296096) അധികം ഈടാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 31.3.23 ലെ വായ്പ നീക്കിയിരിപ്പ് ₹ 4069 എന്നാണ് കാണിച്ചിരിക്കുന്നത് . അധികം ഈടാക്കിയ ₹ 7,30,784/- Receivables From Govt( Redemption ) ൽ ചേർത്തിട്ടില്ല.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 19.03.2022 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 20.03.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് -ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5740689 |
| വരവ് | 302898633 |
| ആകെ | 308639322 |
| ചെലവ് | 300932283 |
| നീക്കിയിരിപ്പ് | 7707039 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹3,07,14,876 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 6,27,98,754 |
| ആകെ | ₹ 9,35,13,630 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 5,90,11,847 |
| നീക്കിയിരുപ്പ് | ₹ 3,45,01,783 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 3,36,12,979 | 3,36,12,979 | 3,17,90,450 | 0 | 18,22,529 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 51,28,725 | 51,28,725 | 51,21,463 | 0 | 7,262 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 83,52,300 | 83,52,300 | 19,28,486 | | 64,23,814 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 70,28,000 | 70,28,000 | 66,05,572 | | 4,22,428 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Basic) ടഷറി | 0 | 5,54,080 | 5,54,080 | 5,54,080 | 0 | 0 |
| ധനകാര്യകമ്മീഷൻ – Basic | 2769864 | 42,99,443 (40,51,000 + പലിശ | 70,69,307 | 55,26,763 | 15,42,544 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 2,48,443) | | | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് )ബാങ്ക് | 28,89,943 | 60,76,000 | 89,65,943 | 19,33,223 | 70,32,720 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( ടൈഡ് ) ട്രഷറി | | 27,91,196 | 27,91,196 | 0 | 0 | 27,91,196 |
| ടോട്ടൽ സാനിട്ടേഷന് 320 300103, | 30,50,409 | - | 30,50,409 | 21,67,496 | 8,82,913 | |
| കേന്ദ്രാവിഷ്കൃതഫണ്ട്- സാനിട്ടേഷൻ 320 100 181, 320 100 182 | | 84,000 | 84,000 | 84,000 | 0 | |
| ICPS 320 100 121 | - | 12,000 | 12,000 | - | 12,000 | |
| ലോ കോസ്റ്റ് സാനിട്ടേഷൻ 320 100 123 | 25,000 | - | 25,000 | - | 25,000 | |
| യുവ ക്രിഡ അഭിയാന് 320 100 153 | 4,000 | - | 4,000 | - | 4,000 | |
| National Programme For Disablities 320 100 145 | 34,391 | - | 34,391 | - | 34,391 | |
| നിർമൽ പുരസ്കാർ 320 100 191 | 76,695 | - | 76,695 | - | 76,695 | |
| ഫ്ളഡ് റിലീഫേ ഗ്രാന്റ് 320 100 192 | 1,18,180 | - | 1,18,180 | - | 1,18,180 | |
| ICDS- 320 100 196 | 12,96,021 | 12,41,624 | 25,37,645 | 60,000 | 24,77,645 | 0 |
| കേരളോത്സ വം 320100199 | 20,000 | - | 20,000 | - | 20,000 | 0 |
| ശുചിത്വമിഷൻ 320100198 | 5,93,857 | - | 5,93,857 | - | 5,93,857 | |
| ഹെൽത്ത്ഗ്രാന്റ് അടിസ്ഥാന സൗകര്യ വികസനം 320100202 | | 3,25,499 | 3,25,499 | 1,17,715 | 2,07,784 | |
| ഹെൽത്ത് മിഷൻ വെൽനെസ്സ് 320100204 | | 1,87,504 | 1,87,504 | - | 1,87,504 | |
| സ്റ്റേഡിയം | 1,46,012 | - | 1,46,012 | - | 1,46,012 | |

| | | | | | | |
|---|---|---|---|---|---|---|
| 320200303 | | | | | | |
| സോളിഡ് വേസ്റ്റ് മാനേജ്മോന്റ് 320200304 | 1,54,668 | - | 1,54,668 | - | 1,54,668 | |

| ഫണ്ടിനം | ACR പ്രകാരം ചെലവ് | ജി ഒ പ്രൊജക്ട് | I -6 പ്രകാരം ചെലവ് | ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3,17,90,450<br>3,30,17,388-12,26,938 (ക്യൂ ബിൽ) | 27,21,011 | 2,84,75,133 | 60,36,328 |
| വികസന ഫണ്ട് ( എസ് സി പി) | 50,21,463 | 17,51,275 | 67,72,738 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് )ബാങ്ക് | - | | 12,62,800 | 6,70,423 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ് )ബാങ്ക് | | | 10,55,164 | 44,71,559 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീ കരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്കു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | ₹18,02,26,611 | 134 | ₹7,82,56,611 | 0 | 76 | 63.81% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,178 | 5,36,546 | 5,39,724 | 5,33,532 | 6,192 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 3,97,11,378 | 3,97,11,378 | 3,97,11,378 | 0 |
| ആകെ | 3,178 | 4,02,47,924 | 4,02,51,102 | 4,02,44,910 | 6,192 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പെൻഷൻ ഇനം | ഗുണഭോക്താ | ചെലവ് തുക |
|---|---|---|---|

| നമ്പർ | | ക്കളുടെ എണ്ണം | (₹) |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 614 | 76,93,700 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 391 | 46,37,800 |
| 3 | വാർധക്യകാല പെൻഷൻ | 3187 | 3,43,32,700 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 87 | 10,05,200 |
| 5 | വിധവാ പെൻഷൻ | 1317 | 1,49,72,200 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 7 | 2,10,000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2023 തീയതിയിൽ ഉച്ചയ്ക്ക് 4.00 P.M. സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 30,159/-ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2021 | 01.08.2021 മുതൽ 30.09.2021 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2014 - 14.02.2014 | 2008-09 മുതൽ 2012-13 വരെ | LBA(HQ) III/ 8A-2079/13-14/30 14.03.2014 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ബ്ലോക്കിൽ ചേലാമറ്റം, കൂവപ്പടി, കോടനാട്, വേങ്ങൂർ വെസ്റ്റിന്റെ ഒരു ഭാഗം എന്നീ വില്ലേജുകളുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്താണ് 43.98 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള കൂവപ്പടി ഗ്രാമപഞ്ചായത്ത്. തനതു വരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി-നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുന്നുണ്ടെങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണ സമിതിക്ക്

നൽകുകയോ ചെയ്തിട്ടില്ല. വരുമാന വർദ്ധനയ്ക്ക് ഉതകുന്ന മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും അവ ഭരണ സമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

തനത് ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളിൽ ഒരു നിശ്ചിത സംഖ്യ ഉയർന്ന പലിശ ലഭിക്കുന്ന നിക്ഷേപമായി മാറ്റുകയോ നിലവിലുള്ള സേവിംഗ്സ് അക്കൗണ്ടിനെ ഒരു നിശ്ചിത സംഖ്യക്ക് മുകളിൽ വരുന്ന തുക ഉയർന്ന പലിശയുള്ള വിഭാഗത്തിലേക്ക് ഓട്ടോമാറ്റിക്കായി മാറ്റുന്ന തരം ഫ്ലെക്സി ഇനം അക്കൗണ്ടാക്കി മാറ്റുന്നതോ പരിഗണിക്കാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സാധ്യതകൾ പരിഗണിക്കുന്നത് വഴി ഈ അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് ഏകദേശം ഇരട്ടിയോളം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമാണുള്ളത്. നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നത് പരിഗണിക്കാവുന്നതാണ്.(വിശദ വിവരം ഖണ്ഡിക 1-14-ൽ വിവരിച്ചിട്ടുള്ളതാണ്.)

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജലവിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സേവന നികുതി ഈടാക്കുന്നില്ല. പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി സേവന ഉപനികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഭരണസമിതിയ്ക്ക് ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനങ്ങൾ,ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിൽ ചെയ്യുന്നവർ,അഭിഭാഷകർ. പ്രൊഫഷണലുകൾ, വിവിധ മരാമത്ത പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ,ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ ,വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിങ്ങനെ ഉള്ളവരിൽ നിന്ന് നികുതി ഈടാക്കുന്നില്ല. ഇത്തരത്തിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തദ്ദേശ സ്വയം ഭരണ (ആർ.എ) വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 FTEAOS ലൈസൻസ്-കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

## 1-12-1 പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 20 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 3093 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1483 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 578 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 73 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 1 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 130 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 49 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 170 |
| | 2 | ഇതര വ്യവസായം | 390 |
| | 3 | 205 | 7 |
| | 4 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 1 |
| | 5 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 205 |
| | 6 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 1 |

എന്നാൽ 2022-23 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 792 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വേരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12-2 ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-12-3 ലൈസൻസ് ഫീസ് അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല.

2021-22 വാർഷിക ധനകാര്യപത്രികയിലെ ബി9 ഷെഡ്യൂൾ പ്രകാരം ലൈസൻസ് അഡ്വാൻസ് ഇനത്തിൽ നിലനിൽക്കുന്നത് 12,22,900 രൂപയാണ്. 2022-23 വാർഷിക ധനകാര്യപത്രിക ഐ 4 ഷെഡ്യൂൾ പ്രകാരം തൻവർഷ പ്രതീക്ഷിത വരവ് 11,43,300 രൂപയുമാണ്. എന്നാൽ ആർപി 45 പ്രകാരം തൻവർഷ വരവായി ലഭിച്ചിട്ടുള്ളത് 3,98,900 രൂപയും ബാക്കി തുകയായ 7,44,400 രൂപ മുൻവർഷങ്ങളിൽ ലഭ്യമായ അഡ്വാൻസായി തുകയിൽ നിന്നും എടുത്തിരിക്കുന്നു. എന്നാൽ 2022-23 വാർഷിക ധനകാര്യപത്രികയിലെ ബി9 ഷെഡ്യൂളിലെ നീക്കിയിരിപ്പായി തൻവർഷം 14,33,940 രൂപ വന്നിട്ടുള്ളതായി കാണുന്നു. ലൈസൻസ് രജിസ്റ്റർ രേഖകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഇനത്തിൽ തൻവർഷം ലഭ്യമായ അഡ്വാൻസ് തുകയായ 9,55,440 (14,33,940 - (12,22,900-7,44,400)) രൂപയുടെ വിവരങ്ങൾ വ്യക്തമല്ല. ആയതിന്റെ രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കുന്നതിനും 2021-22 വാർഷിക ധനകാര്യപത്രികയിലെ ബി9 ഷെഡ്യൂൾ പ്രകാരം ലൈസൻസ് അഡ്വാൻസ് ഇനത്തിൽ നിലനിൽക്കുന്നത് 12,22,900 രൂപയാണ്, ടി തുക സംബന്ധിച്ച വിശദ വിവരങ്ങളും(അഡ്വാൻസ് ലഭ്യമായ തീയതി , കാലാവധി എന്നിവ വർഷം തിരിച്ച് ) ഹാജരാക്കുവാനാവശ്യപ്പെട്ടും 13.11.2023 തീയതിയിൽ നൽകിയ 20 -ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ അടുത്ത വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുമ്പോൾ അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് . മേൽ വിവരിച്ച 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും ഹജരാക്കാത്തതിനാൽ മറുപടി തൃപ്തികരമല്ല. ആയതിന്റെ വിശദ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12-4 വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചു.

കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ 7,18,20,21എന്നീ ചട്ടങ്ങൾ പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II,III,IV എന്നീ പട്ടികകളിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത നിരക്കിലുള്ള തുക ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. മേൽ ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിരക്കുകൾ നിശ്ചയിച്ചിട്ടില്ലാത്തതാണ്. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് പല സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഈടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഫീസ് നിരക്കുകൾ വ്യത്യസ്തമായി നിശ്ചയിച്ച് ഈടാക്കിയതിന്റെ അടിസ്ഥാനം എന്താണെന്ന് വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 13.11.2023-ൽ നൽകിയ 20-ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശത്തിന് അനുസരിച്ച് നിരക്ക് ഏകീകരിക്കുന്നതാണെന്നാണ്. ആയതിനാൽ ലൈസൻസ് ഫീസ് വ്യത്യസ്ത നിരക്കിൽ ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ചട്ടങ്ങൾക്കനുസരിച്ച് ഫീസ് നിശ്ചയിക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2022-23 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടേയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

## 1-13-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 792 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗവ.സ്ഥാപനങ്ങൾ ഉൾപ്പടെ ആകെ 65 സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് നിലവിലുള്ളത്. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-13-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 2022-23 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 75 മരാമത്ത് പ്രവൃത്തികൾക്കായി 22 കരാറുകാരുമായി കരാറിലേർപ്പെട്ടിട്ടുള്ളതാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് | ക്രമ നം. | കരാറുകാരുടെ പേര് |
|---|---|---|---|
| 1. | എം.ഒ. പൗലോസ് | 12. | നിബിൻ നോബി |
| 2. | ബേസിൽ പി. വർഗ്ഗീസ് | 13. | പി.വി. ഔസേപ്പ് |
| 3. | ദിലിപ് കുമാർ ടി.എൻ. | 14. | പി.ജി. ജോസ് |
| 4. | ബാലസുബ്രമണ്യൻ കെ.ബി. | 15. | ബാബു പി.വി. |
| 5. | ഷിനോജ് എ.എസ്. | 16. | മുഹമ്മദ് സഫർ കെ. |
| 6. | സെബാസ്റ്റ്യൻ എ.പി. | 17. | മഹേഷ് ആർ. |
| 7. | അരുൺ വർഗ്ഗീസ് | 18. | ജോർജ് ജോസഫ് |
| 8. | വർഗ്ഗീസ് എം.എസ്. | 19. | പോൾ പി.എസ്. |
| 9. | ഷാജൻ സ്റ്റീഫൻ | 20. | ജാക്സൺ ജേക്കബ് പോൾ |
| 10. | സി.റ്റി. കോര | 21. | പ്രവീൺ വർഗ്ഗീസ് |
| 11. | അരുൺ പി.ജി. | 22. | ഷെല്ലി കെ.കെ. |

റേഷൻ കടകളുടെ നടത്തിപ്പുകാർ, മേൽ പട്ടികയിൽ വിവരിച്ച 22 കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-14 തനത് ഫണ്ട് അക്കൗണ്ട് - പലിശ ഇനത്തിലുള്ള വരവ് സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് 4 അക്കൗണ്ടുകളിലായാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 2023 മാർച്ച് 31 ന് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 2023 മാർച്ച് 31 ന് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക(₹) |
|---|---|---|---|
| 1 | യുണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 338702010013178 | 1,24,25,802 |
| 2 | എസ്.ബി.ഐ. (ഇ-പേയിമെന്റ്അക്കൗണ്ട്) | 37255686562 | 68,71,292 |
| 3 | കുവപ്പടി എസ്.സി.ബി. | 6114 | 40,39,941 |
| 4 | ടി.എസ്.ബി. | 799013000001215 | 0.00 |
| | ആകെ | | 2,33,37,035 |

ഈ തുകയ്ക്ക് നിലവിൽ 2.90% നിരക്കിലുള്ള സേവിംഗ്സ് അക്കൗണ്ട് പലിശ മാത്രമാണ് ലഭിക്കുന്നത്. കൂടാതെ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള സ്ഥിര നിക്ഷേപം (എഫ്.ഡി.നം. 12658 തീയതി 26.06.2014) 5,00,000 രൂപയാണ്. അയതിന് വർഷാവർഷം ലഭ്യമായ പലിശ തുക കൂടി ചേർത്ത് 17.08.2023 തീയതിയിൽ (എഫ്.ഡി.നം. 12658) ഒരു വർഷ കാലയളവിലേക്ക് (കാലാവധി പൂർത്തിയാകുന്ന തീയതി 17.08.2024 ) പുതുക്കിയിട്ടുള്ള കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്തിന് ലഭ്യമാകുന്നത് 11,15,316/- രൂപയാണ്. തനത് ഫണ്ടിൽ നിന്നും പഞ്ചായത്തിന്റെ വിവിധ ചെലവുകൾക്കുള്ള ഒരു നിശ്ചിത തുക നിലനിർത്തി ബാക്കി തുക നിശ്ചിത കാലയളവിലേക്ക് ഉയർന്ന പലിശ ലഭിക്കുന്ന ഏതെങ്കിലും സ്കീമിൽ നിക്ഷേപിക്കുന്നത് വഴി പലിശ ഇനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയത് സംബന്ധിച്ച സാധ്യത പരിശോധിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുവാനവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇതിനായി ഒരു നിശ്ചിത സംഖ്യ ഉയർന്ന പലിശ ലഭിക്കുന്ന നിക്ഷേപമായി മാറ്റുകയോ, നിലവിലുള്ള സേവിംഗ്സ്

അക്കൗണ്ടിനെ ഒരു നിശ്ചിത സംഖ്യക്ക് മുകളിൽ വരുന്ന തുക ഉയർന്ന പലിശയുള്ള വിഭാഗത്തിലേക്ക് ഓട്ടോമാറ്റിക്കായി മാറ്റുന്ന തരം ഫ്ലെക്സി ഇനം അക്കൗണ്ടാക്കി മാറ്റുന്നതോ പരിഗണിക്കാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സാധ്യതകൾ പരിഗണിക്കുന്നത് വഴി ഈ അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് ഏകദേശം ഇരട്ടിയോളം വർദ്ധിപ്പിക്കുന്നതിനുതകും. നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നത് പരിഗണിക്കാവുന്നതാണ്. ആയത് സംബന്ധിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി കുറവായി നിർണയിച്ചു - വരവിൽ നഷ്ടം

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന പവിഴം ഗ്രൂപ്പ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകി നികുതി ഈടാക്കുന്നത് സംബന്ധിച്ച് ബഹു . ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു . പഞ്ചായത്ത് ഡയറക്ടർ 05.08.2022 ൽ പി.എ.എൻ/9013/2019 സി3(ഡിപി) നമ്പർ കത്ത് പ്രകാരം പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ നൽകി നികുതി നിർണയിച്ചിടാക്കിയതിൽ കുറവ് വന്നിട്ടുള്ളതാണ്. വിശദവിവരം ഭാഗം 2-1 ൽ ചേർക്കുന്നു.

## 1-16 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്-ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പെൻസി നൽകിയ കെട്ടിടങ്ങളിൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലാ എന്ന് 09.11.2023 ൽ നൽകിയ 6-ാം നമ്പർ അന്വേഷണ കുറപ്പിന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കുന്നു. സർക്കാർ ഉത്തരവിനനുസൃതമായി സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 അനധികൃത നിർമാണങ്ങൾ - വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2(നിയമാനുസൃതമല്ലാത്ത കെട്ടിടം )ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് അനുശാസിക്കുന്നു.
തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ട ലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്.
എന്നാൽ കുവപ്പടി ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമാണങ്ങൾക്ക് മേൽ ചട്ടങ്ങൾ പ്രകാരമുള്ള നികുതി വരവ് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ യു.എ. റിപ്പോർട്ടിൽ അനധികൃത നിർമ്മാണങ്ങളുടെ എണ്ണത്തിൽ യു.എ. രജിസ്റ്റർ (കൈയെഴുത്ത്) ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ അനധികൃത കെട്ടിടങ്ങളുടേയും വിവരങ്ങൾ ചേർത്ത് യു.എ. രജിസ്റ്റർ കാലികമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2022-23സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ നടത്തിപ്പിനായി വിവിധ നിർവഹണ ഏജൻസികൾക്ക് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ തുകകൾ വിനിയോഗിച്ച് പദ്ധതികൾ നടപ്പിലായതിന്റേയോ പൂർത്തീകരണത്തിന്റേയോ വിവരങ്ങൾ ലഭ്യമായിട്ടില്ല.

വിശദ വിവരം താഴെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പദ്ധതിയുടെ പേര്/ പ്രോജക്ട് നമ്പർ | നൽകിയ തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S006/23) | 128465/- (തനത് ഫണ്ട്) | 21294/-ചെക്ക് നം.5478558 തി 24.06.22<br>5804/-ചെക്ക് നം.161365തി 26.11.22<br>20636/-ചെക്ക് നം.161400 തി 27.01.23<br>19518/-ചെക്ക് നം. 163512 തി 13.02.23<br>17066/-ചെക്ക് നം.163532 തി 1.03.23<br>13464/-ചെക്ക് നം.163532 തി 1.03.23<br>16530/-ചെക്ക് നം.163548 തി 14.03.23<br>6300/-ചെക്ക് നം.63548 തി 14.03.23<br>7853/-ചെക്ക് നം.63548 തി 14.03.23 |
| | വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S108/23) | 98091/- (തനത് ഫണ്ട്) | 18449/-ചെക്ക് നം.5478571 തി19.09.22<br>16039/-ചെക്ക് നം.5478571 തി19.09.22<br>21663/-ചെക്ക് നം.161346 തി 29.10.22<br>41940/-ചെക്ക് നം. 161360 തി 21.11.22 |
| ഇൻഫർമേഷൻ കേരള മിഷൻ | IKM ന് വിഹിതം അടയ്ക്കൽ (S100/23) | 98000/- (വികസന ഫണ്ട് സാധാരണ വിഹിതം) | ബിൽ നം. 59/17.09.22 |
| ശുചിത്വ മിഷൻ | ശുചിത്വ മിഷൻ -അന്താരാഷ്ട്ര കോൺക്ലേവിന് വിഹിതം നൽകൽ (S232/23) | 25000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ബിൽ നം. 184/30.01.23 |
| സമഗ്ര ശിക്ഷാ കേരളം | എസ്.എസ്.എ വിഹിതം അടവ് (S103/23) | 900000/- (വികസന ഫണ്ട് സാധാരണ വിഹിതം) | 500000/,ബിൽ നം. 58/17.09.22<br>400000 ബിൽ നം. 347/31.03.23 |
| | ആകെ | 1249556/- | |

മേൽ പരാമർശിത പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 08.11.2023 ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന്

അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ 1249556/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ബയോബിൻ ബയോകമ്പോസ്റ്റ് -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ പ്രോജക്ടിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ടിന്റെ പേര് & നം | ബയോബിൻ ബയോ കമ്പോസ്റ്റർ /97/2022-23 |
| അടങ്കൽ തുക | 3375680/- |
| ചെലവ് തുക | 1389080/-<br>1)1262800/-(വികസന ഫണ്ട്,ധനകാര്യകമ്മീഷൻ അവാർഡ്)<br>2)126280/-മറ്റുള്ളവ |
| യു.റ്റി.ആർ നം/ തീയതി | 1) 126280/- (ചെക്ക് നമ്പർ/തീയതി-3983532,25.3.2023)<br>2)1000000/-(0046EATPAYREQ2203202335971,22.3.2023)<br>3)240250/-(0046EATPAYREQ2203202335971,22.3.2023)<br>4)22550/- (0046EATPAYREQ2203202335971,22.3.2023) |

പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു
പ്രോജക്ട് പ്രകാരം നിർവഹണോദ്യോഗസ്ഥ ₹13,89,080/- ചെലവഴിച്ച് (ബിൽ നം.1,2,3 പ്രകാരം ₹13,66,530/- പ്രസ്തുത സ്ഥാപനത്തിനും ബിൽ നം.4 പ്രകാരം ₹22550/- ജി.എസ്.ടി വകുപ്പിലേക്കും ഉൾപ്പെടെ ആകെ ₹ 1389080/- ചെലവഴിച്ചിട്ടുണ്ട്) കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 452 ബയോബിൻ കമ്പോസ്റ്ററുകൾ (@3,080/-) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയിസ് നം.E-542/22-23 ,17.3.2023 -462000/-, E-543/22-23,17.3.2023-338800/-, E-541/22-23,17.3.2023-462000/-, E-593/22-23, 25.3.2023-129360/- പ്രകാരം ആകെ ₹13,92,160/- രൂപയുടെ ക്യാഷ് ബില്ലുകളാണ് 452 ബയോബിൻ കമ്പോസ്റ്ററുകളുടെ വിലയായി ടി സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടുള്ളത്. പദ്ധതി മാർഗരേഖപ്രകാരം പ്രകാരം 452 ബയോബിൻ കമ്പോസ്റ്ററുകളുടെ 90% സബ്സിഡി തുകയായ ₹ 12,52,944/-(2772x452) യാണ് വികസന ഫണ്ടിൽ നിന്നും സ്ഥാപനത്തിന് നൽകേണ്ടത് . ആയതിനു പകരം ₹ 12,62,800/- രൂപയാണ് സ്ഥാപനത്തിന് നിർവഹണോദ്യോഗസ്ഥ നൽകിയിട്ടുള്ളത്. അതായത് ₹9,856/- രൂപ വികസന ഫണ്ടിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് അധികം നൽകിയിട്ടുണ്ട്. 452 പേരുടെ 10% ഗുണഭോക്തൃവിഹിതമായ 308x452 = ₹1,39,216/- അടക്കേണ്ടതിനു പകരം ₹126280/- രൂപയാണ് തനതു ഫണ്ടിൽ നിന്നും സ്ഥാപനത്തിലേക്ക് അടവാക്കിയിട്ടുള്ളത് . അതായത് ₹12,936/- കുറവായാണ് അടവാക്കിയിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/9.11.2023)ലഭ്യമായ മറുപടിയിൽ ബാലൻസ് തുക സ്പിൽ ഓവർ പ്രോജക്ട് ആയി 2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിന് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വികസന ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം നൽകിയ തുക ₹9,856/- രൂപയും തനതു ഫണ്ടിൽ നിന്നും ഗുണഭോക്തൃ വിഹിതം അടവാക്കിയതിൽ കുറവു വന്ന തുകയായ ₹12,936/- രൂപയും സ്പിൽഓവർസപ്രോജക്ടായി നടപ്പിലാക്കി തുകകൾ ക്രമീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് .

1-20 തരിശ് നെൽകൃഷി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് & നം. | തരിശ് നെൽ കൃഷി – 119/23 |
| അടങ്കൽ തുക | ₹1,74,300/-<br>1.വികസന ഫണ്ട് സാധാരണ വിഹിതം- 69,720/- |

| | |
|---|---|
| | 2. ബ്ലോക്ക് പഞ്ചായത്ത് - 52,290/-<br>3. ജില്ലാ പഞ്ചായത്ത് - 52,290/- |
| ചെലവ് തുക | ₹1,74,300/-<br>1.വികസന ഫണ്ട് സാധാരണ വിഹിതം- ₹69,720/-<br>2. ബ്ലോക്ക് പഞ്ചായത്ത് - ₹52,290/-<br>3. ജില്ലാ പഞ്ചായത്ത് - ₹52,290/- |
| ബിൽ നം / തിയതി -തുക | 149/ 05.01.23 – ₹45.388/- (GP)<br>203/ 08.02.23 – ₹24,332/-(GP)<br>156/ 12.01.23 – ₹34,041/-(DP)<br>204/ 08.02.23 – ₹18,249/-(DP)<br>225/ 17.02.23 – ₹18,249/-(BP)<br>273/ 13.03.23 – ₹34,041/-(BP) |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ 6 ഹെക്ടർ തരിശു നിലത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും,ജില്ലാ പഞ്ചായത്തും സംയുക്തമായി ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു :-

1. പതിന്നാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ. (എം എസ്)115/2022 തസ്വഭവ തീയതി 28.05.2022 ഖണ്ഡിക നമ്പർ 6.1 ന്റെ ക്രമ നമ്പർ 8 പ്രകാരം കഴിഞ്ഞ മൂന്ന് വർഷമായി ടി സ്ഥലത്ത് കൃഷി ചെയ്തിട്ടില്ലെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഫയലിൽ ഈ സാക്ഷ്യപത്രം ലഭ്യമല്ല.
2. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തണം. ഈ പദ്ധതിയിൽ തൊഴിലുറപ്പ് പ്രവൃത്തികൾ പ്രയോജനപ്പെടുത്തിയിട്ടില്ല.
3. തരിശു ഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമേ ആനുകൂല്യം നല്കാവൂ എന്നിരിക്കേ ആയതു സംബന്ധിച്ച് ഫയലിൽ വ്യക്തതയില്ല.
4. കൃഷി ചെയ്ത സ്ഥലത്തിന്റെ അളവ് എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. കൃഷി അസിസ്റ്റന്റിന്റെ ശുപാർശയോ, കൃഷി ഓഫീസറുടെ തീരുമാനമോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കൃഷി ചെയ്ത സ്ഥലത്തിന് ആനുപാതികമായാണോ ആനുകൂല്യം അനുവദിച്ചതെന്ന് വ്യക്തമല്ല.

. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23/13.11.23) മറുപടി ലഭ്യമാക്കാത്തതിനാൽ വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,74,300/-രൂപ തടസ്സപ്പെടുത്തുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖകൾ പാലിച്ച് മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി 2022-23 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ

സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി തുക കൈമാറിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S029/23 |
| പ്രൊജക്ടിന്റെ പേര് | എഫ്.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| അടങ്കൽ തുക | ₹15,00,000/- ( മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് തുക | ₹15,00,000/- ( മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| തുക ,ബിൽ നം തിയതി | ₹12,277/-,31/07.07.22<br>₹19,975/-,52/14.09.22<br>₹ 99,995/-,62/26.09.22<br>₹ 99,991/-,94/23.11.22<br>₹ 5,00,000/-,104/29.11.22<br>₹ 13,965/-,200/08.02.23<br>₹ 1,33,980/-,233/20.02.23<br>₹ 6,19,817/-,250/06.03.23<br>ആകെ- ₹15,00,000/- |

മരുന്ന് വാങ്ങുന്നതിനായി പദ്ധതി പ്രകാരം സപ്ലൈകോ മെഡിക്കൽ സ്റ്റോർ പെരുമ്പാവൂർ, KMCL എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകിയിരുന്നു. അതിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും 3,80,183/- രൂപയുടെ മരുന്ന് ലഭ്യമായി. എന്നാൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയ തുകകളിൽ ബിൽ നം 104/29.11.22 (പ്രോഫോർമ ഇൻവോയിസ് നം.PRF 667/09.6.22) പ്രകാരം ₹5,00,000/ നൽകിയെങ്കിലും 3,89,592/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളു. ബാക്കി 1,10,408/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ബിൽ നം. 250/06.03.23 എന്നിവ പ്രകാരം ₹6,19,817/- (പ്രോഫോർമ ഇൻവോയിസ് നം.PRF 4997/04.3.23) നൽകിയെങ്കിലും 5,11,357/- രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ, ബാക്കി 1,08,460/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. പ്രോജക്ട് പ്രകാരം നൽകിയ ₹2,18,868/-ന്റെ (108460+110408) മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/09.11.23) നൽകിയ മറുപടിയിൽ 2,18,868/- രൂപയുടെ മരുന്ന് കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട് എന്ന് അറിയിച്ചു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്നത് വരെ ₹2,18,868/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 മരാമത്ത് പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ വികസനത്തെ ബാധിക്കുന്നു

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 5,02,93,622/- രൂപയുടെ ആകെ അടങ്കൽ തയ്യാറാക്കി 109 മരാമത്ത് പ്രവ്യത്തികളാണ് ഏറ്റെടുത്തത് . അവയിൽ 80 എണ്ണം റോഡ് നിർമ്മാണ-നവീകരണ പ്രോജക്ടുകളായിരുന്നു. ഗ്രാമപഞ്ചായത്ത് ഒരു യൂണിറ്റായി കണ്ട് വികസന പദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാന തത്ത്വം പാലിക്കാതെ വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ നാമമാത്ര ദൈർഘ്യമുള്ള റോഡ് നിർമ്മാണ പ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്ക്കരിക്കുന്നത്. ഗ്രാമീണ റോഡുകളുടെ ശരാശരി ദൈർഘ്യം 3 മുതൽ 6 വരെ കിലോ മീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 6 മുതൽ 100 വരെ മീറ്റർ നീളത്തിലാണ്. ഇപ്രകാരം നിർമ്മാണം നടത്തിയാൽ പൂർത്തീകരിക്കാൻ നിരവധി വാർഷിക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടി വരും.

റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമാണം ആരംഭിച്ച് പാതിയെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത് അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതിനും ഇത് കാരണമാകും.

പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടുകളിൽ ഭൂരിഭാഗവും 5 ലക്ഷം രൂപയും അതിൽ കുറവും അടങ്കലുള്ളവയായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 50000ൽ താഴെ അടങ്കലുണ്ടായിരുന്ന പ്രോജക്ടുകളുടെ എണ്ണം | 3 |
| 50000 മുതൽ രണ്ട് ലക്ഷം വരെ അടങ്കലുള്ളവ | 6 |
| രണ്ട് ലക്ഷം മുതൽ മൂന്ന് ലക്ഷം വരെ അടങ്കലുള്ളവ | 33 |
| മൂന്ന് ലക്ഷം മുതൽ അഞ്ച് ലക്ഷം വരെ അടങ്കലുള്ളവ | 28 |
| അഞ്ച് ലക്ഷവും അതിലധികവും അടങ്കലുള്ളവ | 39 |

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾ വരെ വാർഡ് അടിസ്ഥാനത്തിൽ വീതം വെയ്ക്കുന്ന പ്രവണതയാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 സ്ഥിരം നെല്ല് കൃഷി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0135/23 |
| പ്രോജക്ടിന്റെ പേര് | സ്ഥിരം നെൽ കൃഷി (135/23) |
| അടങ്കൽ, ഫണ്ട് | ₹10,28,652/-<br>(വികസനഫണ്ട് - പൊതുവിഭാഗം : ₹6,21,294/-<br>ജില്ലാ പഞ്ചായത്ത് വിഹിതം : ₹4,07,358/- |
| ചെലവ് | ₹10,28,652/-<br>(വികസനഫണ്ട് - പൊതുവിഭാഗം : ₹ 6,21,294/-<br>ജില്ലാപഞ്ചായത്ത് വിഹിതം : ₹4,07,358/- |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ നെൽകൃഷിക്കായി (സ്ഥിരംനെൽകൃഷി) ഗ്രാമപഞ്ചായത്തിലെ 336 നെൽകർഷകർക്ക് കൂലിച്ചെലവ് ₹10,28,652/- നൽകിയിട്ടുണ്ട്. കൂടാതെ, ഇതേ കർഷകർക്ക് പാടശേഖര സമിതി മുഖേന പ്രോജക്ട് നം 112/23 പ്രകാരം നെൽ വിത്ത് വിതരണത്തിനായി ₹3,89,100/- ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം നെൽകൃഷി വികസനത്തിനായി 2 പ്രോജക്ടുകളിലായി ആകെ ₹14,17,752/- സബ്സിഡിയായി ചെലവാക്കിയിട്ടുണ്ട്. നെൽകൃഷി വികസനം പ്രോജക്ടിൽ സബ്സിഡിക്കായി ലഭിച്ച അപേക്ഷകളിൽ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തി അർഹരാണെന്ന് ബോധ്യപ്പെട്ട 336 കർഷകരുടെ 41.14 ഹെക്ടർ (10161 സെന്റ്) നെൽകൃഷിക്കാണ് സബ്സിഡി നൽകിയത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ. ഉ. (കൈ) നം. 115/2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.9 പ്രകാരം സ്ഥിരം നെൽകൃഷിക്ക് (ഒരു പൂകൃഷി) ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹25,000/- ആണ്. ഖണ്ഡിക 6.1.9A പ്രകാരം വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉത്പാദനോപാധികൾ അനുവദിക്കുകയാണെങ്കിൽ അവയുടെ തുക കുറവ് ചെയ്ത് ബാക്കി തുക

സഹായമായി അനുവദിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച പ്രൊജക്ടിൽ നെൽവിത്ത് വിതരണത്തിന് അനുവദിച്ച സബ്‌സിഡി തുക കുറവ് ചെയ്യാതെയാണ് കർഷകർക്ക് തുക നൽകിയത്.
ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/11.11.23) മറുപടി നൽകിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖകൾ പാലിച്ച് മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-24 മഴക്കാല പൂർവ ശുചീകരണം-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തിൽ തനതു ഫണ്ടിൽ നിന്നും ചെക്ക് നം.യു.ബി.ഐ 133301/15.6.2022 പ്രകാരം 200000/- രൂപ , (ഓരോ വാർഡിനും 10000/- രൂപ വീതം) മെഡിക്കൽ ഓഫീസർ എഫ്.എച്ച് .സി ക്ക് മുൻകൂർ നല്കിയിട്ടുണ്ട്.

ആയതിൽ വാർഡ് നം.2,3,17,18,20 എന്നീ വാർഡുകളുടെ ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/13.11.2023) ലഭ്യമായ മറുപടിയിൽ വാർഡ് നം.17,18,20 വാർഡുകളുടെ ആരോഗ്യശുചിത്വ പോഷണസമിതികളുടെ ചെയർപേഴ്സൺമാരായ ഗ്രാമപഞ്ചായത്തംഗങ്ങൾ സമിതിയുടെ അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കാനനുവദിക്കാത്തതിനാൽ സമിതികളുടെ എല്ലാ പ്രവർത്തനങ്ങളും നിർത്തിവച്ചിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ തുടർവർഷങ്ങളിൽ നിർബന്ധമായും ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 2,3 വാർഡുകൾക്ക് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ₹20,000/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ 17,18,20 വാർഡുകൾക്ക് വേണ്ടി നൽകിയ തുകകൾ ചെലവഴിക്കാതെ ജെ.എച്ച്.ഐ യുടേയും അതാത് വാർഡ് മെമ്പർമാരുടേയും ജോയിന്റ് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട് . എന്നാൽ അക്കൗണ്ട് വിവരങ്ങൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതിനാൽ ഈ വാർഡുകൾക്ക് മുൻകൂറായി നൽകിയ തുകയായ ₹30000(3x10000) രൂപയുടെ ചെലവ് കൂടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. നടപ്പാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു .

1)

| | |
|---|---|
| പദ്ധതിയുടെ പേര്,നം | ലൈഫ് പാർപ്പിട പദ്ധതി(എസ്.സി.) - SO 16/23 |
| അടങ്കൽ തുക | 15985600/- |
| ചെലവ് തുക | 1640000<br>1)1280000(സംസ്ഥാനാവിഷ്കൃതഫണ്ട് )<br>2)360000(മറ്റ് ജില്ലാപഞ്ചായത്ത്) |
| തുക /ചെക്ക് നം ./ തീയതി | 1)100000/-680578/15.6.2022<br>2)60000/-680579/15.6.2022<br>3)1020000/-600576/12.5.2022<br>4)100000/-680577/-12.5.2022 |

| | |
|---|---|
| | 5)360000/- ലഭ്യമായിട്ടില്ല |

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീമതി ദീപ്തി അജിത്ത് എന്ന വ്യക്തി 31.03.2021 ൽ വി.ഇ.ഒ യുമായി കരാർ ചമച്ചിട്ടുള്ളതാണ്. കരാർ വ്യവസ്ഥകൾ പ്രകാരം ലൈഫ് ഭവനം പൂർത്തീകരിക്കേണ്ടുന്ന പരമാവധി കാലാവധി 6 മാസമാണ്. 31.3.2021 ൽ 40000/-രൂപ, 18.8.2021 ൽ 160000/-രൂപ, 11.2.2022ൽ 40000/-രൂപ, 13.5.2022ൽ 60000/- രൂപയും (ബിൽ നം.2) ഉൾപ്പെടെ ആകെ 300000/- രൂപ ശ്രീമതി ദീപ്തി അജിത്ത് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാരി നാളിതു വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2)

| | |
|---|---|
| പദ്ധതിയുടെ പേര്,നം | ലൈഫ് ഭവനനിർമ്മാണ പദ്ധതി(ജനറൽ) – SO 21/23 |
| അടങ്കൽ തുക | 1,25,23,340/- |
| ചെലവ് തുക | 1)723340 (വികസന ഫണ്ട്, പൊതുവിഭാഗം,<br>സാധാരണ വിഹിതം ) |
| തുക /യു.റ്റി.ആർ നം/ തീയതി | 1) 160000/-RBI202259513674,20.7.2022<br>2)40000/-RBI2022259513675 ,20.7.2022<br>3)63340/-RBI3662220649088 , 31.12.2022<br>4)100000/-RBI 1612295043017, 9.6.2022<br>5)50000/- RBI 1612295043015, 9.6.2022<br>6)100000/- RBI 1192224763850, 28.4.2022<br>7)160000/-RBI 1192224763851, 28.4.2022<br>8)50000/-RBI 2122267596087, 30.7.2022<br>ആകെ-723340/- |

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ജെസ്സി ജോസ് ആറ്റുപുറം എന്ന വ്യക്തി 20.7.2022 ൽ വി.ഇ.ഒ യുമായി കരാർ ചമച്ചിട്ടുള്ളതാണ്. ബിൽ നം.2,3 പ്രകാരം 103340/- രൂപയും പദ്ധതി നം. 90/22-23 പ്രകാരം 96660/- രൂപ (യു.റ്റി.ആർ നം.RBI 13662220649089/തീയതി 31.12.2022.), 100000/-(യു.റ്റി.ആർ നം.RBI 0492300540139, തീയതി 17.2.2023 ), രൂപ ഉൾപ്പെടെ ആകെ 300000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയും ടിയാൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/9.11.2023,14/10.11.2023) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1 പ്രകാരമുള്ള വ്യക്തിയായ ദീപ്തി അജിത് നിലവിൽ മെയിൻ വാർക്ക വരെയുള്ള പണികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂവെന്ന് അറിയിച്ചു. ഒരു മാസത്തിനകം ഗുണഭോക്താവ് ബന്ധപ്പെട്ട വീടിന്റെ പണി പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ റവന്യൂ റിക്കവറി പോലുള്ള നടപടികളിലേക്ക് ശുപാർശ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.2 പ്രകാരമുള്ള വ്യക്തിയായ ജെസ്സി ജോസ് 16.2.2023ൽ വീടിന്റെ ലിന്റൽ വരെയുള്ള പണി പൂർത്തീകരിച്ച് 3,00,000/- രൂപ കൈപ്പറ്റിയിട്ടുള്ളതാണ്. ടി വീടിന്റെ രജിസ്ട്രേഷൻ, നമ്പറിംഗ് ഒഴികെയുള്ള എല്ലാ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുള്ളതായി അറിയിച്ചു. ഭവനനിർമ്മാണത്തിന്റെ മേൽ പ്രസ്താവിച്ച തുടർ ഘട്ടങ്ങൾ കൂടി പൂർത്തീകരിച്ച് രേഖകൾ സമർപ്പിക്കുന്ന മുറക്ക് അവസാന ഗഡുകൂടി അനുവദിച്ച് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശത്തിലെ വ്യക്തികളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കെ.എസ്.ഇ.ബി.,

കെ.ഡബ്ല്യൂ.എ., ജി.ഡബ്ല്യൂ.എ. എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തി തൻവർഷം തന്നെ പൂർത്തിയാക്കിയിട്ടില്ല . വിശദ വിവരം താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S006/23) | 21294/-ചെക്ക് നം.5478558 തി 24.06.22<br>5804/-ചെക്ക് നം.161365തി 26.11.22<br>20636/-ചെക്ക് നം.161400 തി 27.01.23<br>19518/-ചെക്ക് നം. 163512 തി 13.02.23<br>17066/-ചെക്ക് നം.163532 തി 1.03.23<br>13464/-ചെക്ക് നം.163532 തി 1.03.23<br>16530/-ചെക്ക് നം.163548 തി 14.03.23<br>6300/-ചെക്ക് നം.63548 തി 14.03.23<br>7853/-ചെക്ക് നം.63548 തി 14.03.23 | 128465/ (തനത് ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 2 (S108/23) | 18449/-ചെക്ക് നം.5478571 തി19.09.22<br>16039/-ചെക്ക് നം.5478571 തി19.09.22<br>21663/-ചെക്ക് നം.161346 തി 29.10.22<br>41940/-ചെക്ക് നം. 161360 തി 21.11.22 | 98091/ (തനത് ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| | | ആകെ | 2,26,556/- | | |

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക് ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകയുള്ള വിനിയോഗ വിവരവും

ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 8 /2022-23 തീയതി: 09-11-2023) കഴിഞ്ഞ 3 വർഷങ്ങളിൽ പഞ്ചായത്ത് വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

2021-22

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S84/22 | XVFC/2021-22/ P/15/ 23.03.22 | 682117/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| കെ.എസ്.ഇ.ബി | ടേക്ക് എ ബ്രേക്ക് വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ പ്രോജക്ട് S206/22 | 133253/ 31.03.22 | 46951/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S81/22 | XVFC/2021-22/ P/16/ 25.03.22 | 1000000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| ANERT | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സോളാർ സ്ഥാപിക്കൽ S175/22 | 171/17.02.2022 | 495000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| | | ആകെ | 2224068/- | | |

2019-20

2019-20 വർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

2018-19

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 63/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 41800684/ 31.03.2019 | 897060 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 00 |
| കെ.എസ്.ഇ.ബി | 145/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 41800686/ 41800687/ 41800688 31.03.19 | 194676 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 00 |

| | | | | | |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി | 185/19 പൈപ്പ് ലൈൻ നീട്ടൽ | 21801264 02.03.19 | 481802 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| കേരളാ വാട്ടർ അതോറിട്ടി | 141/19 പൈപ്പ് ലൈൻ നീട്ടൽ | 21801096 31.03.2019 | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | | ആകെ | 1773538 | | |

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കെ എസ് ഇ ബിക്ക് നൽകുമ്പോൾ കെ.എസ്.ഇ.ബി., ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമക്കുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുമ്പോൾതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനവും വൈദ്യുതി ബോർഡും തമ്മിൽ കരാർ വെക്കണമെന്ന് സർക്കുലർ നം.40308/ഡി.പി/03 ത.സ്വ.ഭ.വ. തീയതി 21.08.2003ൽ നിർദ്ദേശിച്ചിട്ടുണ്ട്. കെ.ഡബ്ല്യു.എ. കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തുന്നില്ല .

നിർവ്വഹണ ഏജൻസികൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## 1-27 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ, നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 64/23 | പൂതെപ്ലാക്കൽ അക്വാടക് റോഡ് നിർമ്മാണം വാർഡ് 1 | 500,000 | തനത് ഫണ്ട് |
| 2 | 67/23 | മദ്രാസ് കവല തോട്ടക്കാട്ട് പാടം റോഡ് പുനരുദ്ധാരണം വാർഡ് 20 | 276000 | ധനകാര്യകമ്മിഷൻ അവാർഡ് |

മേൽ പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-28 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട്/നം. | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ – 177/23 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| അടങ്കൽ | ₹60,000/-(തനത് ഫണ്ട്) |
| ചെലവ് വിവരം | ₹31,080/-(ചെക്ക് നമ്പർ 5478589/16.1.23) |

തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡാറ്റാ കളക്ഷന് സഹായം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ശ്രീ ഗിരീഷ് വി.ആർ., ശ്രീ മനുകൃഷ്ണ എൻ.എം. എന്നിവർക്ക് പദ്ധതി പ്രകാരം 31,080/-രൂപ അനുവദിച്ചിട്ടുണ്ട്. ഈ വ്യക്തികളുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി ഏത് വിധത്തിൽ നടപ്പിലാക്കണമെന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കളക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ഉപയോഗ ശൂന്യമായ ടാപ്പുകൾക്ക് വെള്ളക്കരം ഡിമാന്റ് ചെയ്യുന്ന

ഗ്രാമപഞ്ചായത്തിലെ ഉപയോഗ ശൂന്യമായ 314 പൊതു ടാപ്പുകൾ കട്ട് ചെയ്യുന്നതിനായി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (S0239/21) എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, ആലുവ യുടെ 09.06.20 ലെ എ1-പി -9841/20 നമ്പർ എസ്റ്റിമേറ്റിലെ നിർദ്ദേശാനുസരണം ₹3,82,000/-രൂപ 25.8.20 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, ആലുവയുടെ അക്കൗണ്ട് നം 67009882134 ലേയ്ക്ക് യു ടി ആർ നം U000000806897224 പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും (എഗ്രിമെന്റ് നം S003/21 25/8/20) പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച് നിയമ നടപടികൾ സ്വീകരിക്കാനാവില്ല. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക നൽകിയിട്ടുള്ളതെങ്കിലും നാളിതുവരെ പ്രസ്തുത ടാപ്പുകൾ കട്ട് ചെയ്ത് ബില്ലിൽ കുറവ് ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് 26.4.23,06.06.23 എന്നീ തീയതികളിൽ നടത്തിയ സംയുക്ത പരിശോധയിൽ 539 ടാപ്പുകളിൽ 45 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നുള്ളുവെന്ന് കണ്ടെത്തി. എന്നാൽ വാട്ടർ അതോറിറ്റി ഒക്ടോബർ 2023 ൽ നല്കിയ ബില്ലിലും 539 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കിയിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ നിന്നും വർഷങ്ങളായി പഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടു. പ്രവർത്തിക്കുന്ന ടാപ്പുകളുടെ വെള്ളക്കരം യഥാസമയം അടവാക്കാത്തതിനാൽ വലിയ തുക പിഴയിനത്തിൽ പഞ്ചായത്തിന് ബാദ്ധ്യത ഉണ്ടാവും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 24/13.11.23 ന് നല്കിയ മറുപടിയിൽ, ഉപയോഗ ശൂന്യമായ ടാപ്പുകൾ വിച്ഛേദിച്ച് പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യിക്കുന്നതിന് ആവശ്യപ്പെട്ട് പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് പലതവണ കത്ത് നല്കിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റി നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായ ടാപ്പുകൾ വിച്ഛേദിച്ച് പ്രവർത്തിക്കുന്നവക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യിക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ലൈഫ് വായ്പ- അധികം തുക സോഴ്സിൽ കുറവ് ചെയ്യാത്തത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

31.3.2022 ൽ ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് വായ്പ കടിശ്ശികര് 2296096/-യാണ്. എന്നാൽ ജി ഒ പ്രോജക്ടുകൾ മുഖേന തിരികെ ഈടാക്കിയ തുക ₹3026880/- യാണ്. അതായത് ₹ 730784/- ( ₹3026880 - 2296096) അധികം ഈടാക്കിയിട്ടുണ്ട്. ടി തുക സർക്കാരിൽ നിന്നു തിരികെ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച്

വാർഷിക കണക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണയത്തിലെ അപാകതകൾ - 2,60,812₹ വരവ് നഷ്ടം.

ഗ്രാമപഞ്ചായത്തിൽ കെട്ടിട സമുച്ചയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ അപാകത സംഭവിച്ചതിനാൽ തനത് ഫണ്ട് വരവിൽ 2,60,812/- രൂപയുടെ കുറവ് വന്നിട്ടുണ്ട് . അപേക്ഷകളുടെ വിവരം താഴെ ചേർക്കുന്നു.

| അപേക്ഷകൻ | പവിഴം ഗ്രൂപ്പ് ഓഫ് കമ്പനി |
|---|---|
| അപേക്ഷ നം.-തീയതി | എസ്.സി.1- 6420/22 - 12.12.2022<br>എസ്.സി.1- 6127/22 - 26.11.2022<br>എസ്.സി.1- 6127/22 - 26.11.2022<br>എസ്.സി.1- 6424/22 - 12.12.2022<br>എസ്.സി.1- 6421/22 - 12.12.2022<br>എസ്.സി.1- 6134/22 - 26.12.2022<br>എസ്.സി.1- 6080/22 - 25.11.2022<br>എസ്.സി.1- 6071/22 - 24.11.2022<br>എസ്.സി.1- 6119/22 - 26.12.2022<br>എസ്.സി.1- 6334/22 - 06.12.2022<br>എസ്.സി.1- 6116/22 - 26.11.2022<br>എസ്.സി.1- 6126/22 - 26.11.2022<br>എസ്.സി.1-6125/22 - 26.11.2022<br>എസ്.സി.1-6128/22 - 26.11.2022<br>എസ്.സി.1- 6131/22 - 26.11.2022<br>എസ്.സി.1- 6129/22 - 26.11.2022<br>എസ്.സി.1- 6068/22 - 24.11.2022<br>എസ്.സി.1- 6332/22 - 06.12.2022<br>എസ്.സി.1- 6132/22 – 26.11.2022<br>എസ്.സി.1- 6423/22 – 12.12.2022 |

ശ്രീ. എൻ.പി. ജോർജ് ന്റെ 10.07.2019 ലെ നിവേദനത്തിന്റെയും , എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.12.2019 ലെ സി5-1660/2019 നമ്പർ കത്തിന്റേയും അടിസ്ഥാനത്തിലും പവിഴം ഗ്രൂപ്പ് ഓഫ് കമ്പനി (പവിഴം റൈസ്) എന്ന സ്ഥാപനത്തിന്റെ അനധികൃതമായ 35 കെട്ടിടങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിച്ച്, ക്രമവൽക്കരിച്ച് നമ്പരിട്ട് നൽകാൻ കഴിയുന്ന കെട്ടിടങ്ങൾ നമ്പരിട്ട് നൽകി നികുതി ഈടാക്കുന്നതിനും അല്ലാത്തവ നിയമാനുസൃത നടപടി സ്വീകരിച്ച് പൊളിച്ച് മാറ്റുന്നതിനും പഞ്ചായത്ത് ഡയറക്ടർ 05.02.2020, 08.01.2021 എന്നീ തീയതിയിലെ പി.എ.എൻ/9013 /2019-സി3(ഡിപി) കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരിച്ച് നമ്പരിട്ട് നൽകാൻ കഴിയുന്ന 16 കെട്ടിടങ്ങളുടെ വസ്തുനികുതി താഴെ പറയും പ്രകാരം നിർണ്ണയിച്ചിട്ടുള്ളതാണ്.

| ക്രമ നം. | കെട്ടിട നം. | നിർണ്ണയിച്ച വസ്തു നികുതി (ലൈബ്രറി സെസ് ഉൾപ്പടെ) ₹ | അടവാക്കിയ തുകയുടെ വിവരങ്ങൾ | |
|---|---|---|---|---|
| | | | രസീത് നമ്പർ / തീയതി | തുക ₹ |
| 1 | 19/653A | 2628 | 117100400001/ 03.05.2017 | 302444 |
| 2 | 19/653B | 771237 | 117100400002 /18.05.2017 | 128885 |
| 3 | 19/653D | 13158 | 117100400006 / 09.08.2017 | 29892 |
| 4 | 19/653E | 4131 | 117100400007/ 09.08.2017 | 104935 |
| 5 | 19/653F | 3650 | 117100400008/ 09.08.2017 | 155401 |
| 6 | 19/653G | 95500 | 117100400009/ 09.08.2017 | 632691 |
| 7 | 19/653H | 5950 | 117100400011/ 09.08.2017 | 2481 |

| | | | | |
|---|---|---|---|---|
| 8 | 19/653I | 304533 | 117100400012 / 22.08.2017 | 1778019 |
| 9 | 19/653L | 3630 | 117100400013 / 22.08.2017 | 8698 |
| 10 | 19/653M | 43930 | 117100400014 / 22.08.2017 | 28584 |
| 11 | 19/653N | 3290 | 117100400017 / 25.09.2019 | 75537 |
| 12 | 19/653O | 3290 | 117100400018/ 25.09.2019 | 350488 |
| 13 | 19/653R | 38601 | 117100400019/ 25.09.2019 | 883624 |
| 14 | 19/653S | 1239921 | | |
| 15 | 19/653T | 393750 | | |
| 16 | 19/653U | 1554480 | | |
| ആകെ | | 44,81,679 | | 44,81,679 |

ഓഡിറ്റ് പരിശോധനയിൽ ഈ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകതയുള്ളതായി കാണുന്നു. യതാർത്ഥത്തിൽ വസ്തു നികുതി താഴെ ചേർത്ത പ്രകാരമാണ് ഈടാക്കേണ്ടത്.

| ക്രമ നം | കെട്ടിട നം | വസ്തു നികുതി ₹ | ലൈബ്രറി സെസ് ₹ | ആകെ ₹ |
|---|---|---|---|---|
| 1 | 19/653A | 2780 | 140 | 2920 |
| 2 | 19/653B | 816124 | 40806 | 856930 |
| 3 | 19/653D | 13920 | 700 | 14620 |
| 4 | 19/653E | 4370 | 220 | 4590 |
| 5 | 19/653F | 3470 | 180 | 3650 |
| 6 | 19/653G | 90950 | 4550 | 95500 |
| 7 | 19/653H | 5660 | 290 | 5950 |
| 8 | 19/653I | 322250 | 16120 | 338370 |
| 9 | 19/669L | 3450 | 180 | 3630 |
| 10 | 19/663M | 41830 | 2091 | 43921 |
| 11 | 19/669O | 3130 | 160 | 3290 |
| 12 | 19/653R | 40848 | 2042 | 42890 |
| 13 | 19/653S | 1312086 | 65604 | 1377690 |
| 14 | 19/653T | 375000 | 18750 | 393750 |
| 15 | 19/653U | 1480450 | 74030 | 1554480 |
| 16 | 19/653N | 295 | 15 | 310 |
| ആകെ | | 45,16,613 | 2,25,878 | 47,42,491 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 22/14.11.2023) ഗ്രാമപഞ്ചായത്ത് 14.11.2023-ൽ എസ്.സി.2-7201/23 പ്രകാരം മറുപടി ലഭ്യമാക്കി. ആയതിൽ ചില കെട്ടിടങ്ങളുടെ വസ്തു നികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചതിൽ അപാകത സംഭവിച്ചിട്ടുള്ളതായി അറിയിച്ചു. കൂടാതെ ഓഡിറ്റ് വകുപ്പ് തയ്യാറാക്കി നൽകിയ വസ്തു നികുതി അസ്സസ്സ്മെന്റ് അംഗീകരിക്കുന്നതായും വ്യത്യാസമുള്ള തുകയായ 2,60,812 (4742491-44,81,679) രൂപ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

വസ്തു നികുതിയിൽ കുറവ് വന്ന 2,60,812/- രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പവിഴം ഗ്രൂപ്പ് ഓഫ് കമ്പനിയുടെ (പവിഴം റൈസ്) അനധികൃതമായി തുടരുന്ന മറ്റ് കെട്ടിടങ്ങളുടെ (19കെട്ടിടങ്ങൾ) ക്രമവൽക്കരണവും നികുതി അടവാക്കലും സംബന്ധിച്ച് വിശദ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 52290 | തരിശ് നെൽകൃഷി((119/23) | 52290 | 0 |
| ,, | ,, | 360,000 | ഭവന നിർമ്മാണം -ലൈഫ്-എസ്.സി. (16/23 | 360,000 | 0 |
| ,, | ,, | 230,000 | ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (83/23) | 230,000 | 0 |
| ,, | ,, | 600,000 | ഭവന നിർമ്മാണം -ലൈഫ്-എസ്.സി. (98/23 | 600,000 | 0 |
| ,, | ,, | 407358 | സ്ഥിരംകൃഷി നെല്ല് (135/23) | 407358 | 0 |
| ,, | ,, | 931500 | പട്ടികജാതി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (240/23) | 931500 | 0 |
| ,, | ,, | 349993 | ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(123/23) | 349993 | 0 |
| ആകെ | | 2931141 | | 2931141 | |
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 690,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(83/23) | 690,000 | 0 |
| ,, | ,, | 141400 | ഭവന നിർമ്മാണം -ലൈഫ്-എസ്.സി. (98/23 | 141400 | 0 |
| | 2022-23 | 52290 | തരിശ് നെൽകൃഷി((119/23) | 52290 | 0 |
| ,, | ,, | 350,000 | ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(123/23) | 350,000 | 0 |
| ആകെ | | 1233690 | | 1233690 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തീയതി | | | യുള്ള തുക |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S006/23) | 21294/-ചെക്ക് നം.5478558 തി 24.06.22<br>5804/-ചെക്ക് നം.161365തി 26.11.22<br>20636/-ചെക്ക് നം.161400 തി 27.01.23<br>19518/-ചെക്ക് നം. 163512 തി 13.02.23<br>17066/-ചെക്ക് നം.163532 തി 1.03.23<br>13464/-ചെക്ക് നം.163532 തി 1.03.23<br>16530/-ചെക്ക് നം.163548 തി 14.03.23<br>6300/-ചെക്ക് നം.63548 തി 14.03.23<br>7853/-ചെക്ക് നം.63548 തി 14.03.23 | 128465/ (തനത് ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S108/23) | 18449/-ചെക്ക് നം.5478571 തി19.09.22<br>16039/-ചെക്ക് നം.5478571 തി19.09.22<br>21663/-ചെക്ക് നം.161346 തി 29.10.22<br>41940/-ചെക്ക് നം. 161360 തി 21.11.22 | 98091/ (തനത് ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| | | ആകെ | 2,26,556/- | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ കെയുആർഡിഎഫ്സി. | സ.ഉ.(കൈ) നം.68 /2018/ത.സ്വ.ഭ.വ./ 18.05.2018 | 0 | 2296069 | 3026886 | - | -730817 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 9,02,024 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ | 60,887 |

| | |
|---|---|
| ലഭിച്ചത്) | |
| ആകെ | 962911 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 962911 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | തുക |
|---|---|
| ചേരാനെല്ലൂർ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് 24/7 | 962911 |

4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് ഇനത്തിൽ അടവില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,27,98,754 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,90,11,847 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,60,812/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,92,724/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 2,60,812 | ശ്രീ. പ്രശാന്ത് കെ.കെ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 6,53,782/- | ശ്രീ. സുനിൽ കെ.എൻ , സെക്രട്ടറി ഇൻ ചാർജ് |
| 1-18 | 5,95,774/- | ശ്രീ. പ്രശാന്ത് കെ.കെ, സെക്രട്ടറി |
| 1-20 | 1,74,300 | ശ്രീമതി അശ്വതി.എസ്, കൃഷി ഓഫീസർ |
| 1-21 | 2,18,868/- | ഡോ.വിക്ടർ ഫെർണാണ്ടസ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, കുവപ്പടി |
| 1-24 | 50000/- | ശ്രീ. സുനിൽ കെ.എൻ , സെക്രട്ടറി ഇൻ ചാർജ് |
| ആകെ | 16,92,724/- | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല.

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ഡോ വിക്ടർ ഫെർണാണ്ടസ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, കോടനാട് | അബാദ് ചാൻസലർ, ഫ്ലാറ്റ് നം.3എ, തൃക്കാക്കര 682021 |
| 2 | ശ്രീ.സുനിൽ കെ.എൻ , സെക്രട്ടറി ഇൻ ചാർജ് | അസിസ്റ്റന്റ് സെക്രട്ടറി ഒക്കൽ ഗ്രാമപഞ്ചായത്ത് | കളരിയിൽ പുഷ്പക വീട്,ഇരിങ്ങോൾ |
| 3 | ശ്രീ. പ്രശാന്ത് കെ.കെ, സെക്രട്ടറി | സെക്രട്ടറി കൂവപ്പടി ഗ്രാമപഞ്ചായത്ത് | കുറ്റിനേപ്പിള്ളി വീട്,കറുകുറ്റി |
| 4 | ശ്രീമതി അശ്വതി.എസ്, കൃഷി ഓഫിസർ | കൃഷി ഓഫിസർ കൂവപ്പടി ഗ്രാമപഞ്ചായത്ത് | ശാന്തിഭവൻ ഉദയനാപുരം എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ.-ഇകെഎം(പി2)696(I)/18 തീ. 11.07.19 |
| 1996-97 | എൽ എഫ് ഇ (പി2)98/2000 തീ. 09.02.01 |
| 1997-98 | എൽ എഫ് ഇ (പി2)228/00,തീ.22-9-00 |
| 1998-99 | എൽഎഫ് ഇ (പി2)984/01,തീ. 30-3-12 |
| 1999-00 | എൽ എഫ്ഇ(പി2)1338/05 തീ. 01.12.2006 |
| 2000-01 | കെ.എസ്.എ.-ഇകെഎം(പി2)696/Ii/2018 തീ. 11.07.19 |
| 2002-03 | എൽഎഫ്ഇ(പി2)1116/06,തീ.11.07.2008 |
| 2003-04 | കെ.എസ്.എ.-ഇകെഎം(പി2)696(Iii)/18 തീ.11.07.19 |
| 2004-05 | കെ.എസ്.എ.-ഇകെഎം(പി2)696(Iv)/18 തീ.11.07.19 |
| 2005-06 | എൽ എഫ് ഇ (പി2)2247/11,തീ. 04.05.12<br>തീ. 14-10-11 |
| 2007-08 | എൽ എഫ് ഇ (പി2)2247/11 തീ. 04.05.2012 |
| 2008-09, 2009-10, 2010-11 | കെ.എസ്.എ.-ഇകെഎം(പി2)696(Vi)/18 തീ.11.07.19 |
| 2011-12, 2012-13 | എൽ എഫ് ഇ (പി2)393/2015 തീ. 03.07.15 |
| 2013-14, 2014-15 | കെ.എസ്.എ ഇ.കെ.എം (പി2)769/16 തീയതി 26.08.16 |
| 2015-16 | കെ.എസ്.എ ഇ.കെ.എം (പി2)1127/2017 തീയതി 14.08.18 |
| 2016-17 | കെ.എസ്.എ ഇ.കെ.എം (പി2)2265/18 തീയതി 18.05.19 |
| 2017-18 | കെ.എസ്.എ ഇ.കെ.എം (പി2)149/19 തീയതി 15.07.19 |

| | |
|---|---|
| 2018-19 | കെ.എസ്.എ ഇ.കെ.എം (പി2)126/20 തീയതി 03.02.2020 |
| 2019-20 | കെ.എസ്.എ ഇ.കെ.എം (പി2)725/21 തീയതി 30.06.2021 |
| 2020-21 | കെ.എസ്.എ ഇ.കെ.എം (പി2)320/22 തീയതി 05.07.2022 |
| 2021-22 | കെ.എസ്.എ ഇ.കെ.എം (പി2)68/23 തീയതി 17.04.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 25-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Koovappady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koovappady Grama Panchayat for the year 2022-2023

Date: 18/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Koovappady Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.

2 Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.

3. Non- inclusion of notes to accounts in financial statements and non-disclosure of material facts.

**2.Other Observations**

1) Lapses in making timely and accurate demand entries in respect of tax and non -tax revenue

2) Cash flow statement-net increase/decrease in cash flow does not match with difference

between opening balance and closing balance of cash and cash equivalents.

3) Non-inclusion of value of closing stock

4) property tax registers do not match with financial statements

5) Demand registers do not match with financial statements

6) Closing balance as per stock register is not included in balance sheet

7) Register of deposits, advance and other non tax revenue items are not maintained properly.

8) Excess repayment of loan is not incorporated in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്